"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട പരുത്തിച്ചകോണം കുളത്തിൻകര വീട്ടിൽ ശ്രീമതി അശ്വതി എൽ - ന് മുൻഗണന നൽകി കൊണ്ട് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1423/2025/LSGD തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:-
1. ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 16/11/2024 ലെ സാധാരണ യോഗത്തിന്റെ 1/22 നമ്പർ തീരുമാനം
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 27/03/2025 ലെ യോഗത്തിന്റെ ഖണ്ഡിക (4.37) തീരുമാനം

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ പരുത്തിച്ചകോണം കുളത്തിൻകര വീട്ടിൽ ശ്രീമതി അശ്വതി എൽ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ 523 ാം ക്രമനമ്പരായി ഉൾപ്പെട്ടിട്ടുണ്ട്. ടിയാളുടെ മകൾ Autoimmune Hepatitis എന്ന രോഗത്തിന്റെ ചികിത്സയിലായതിനാൽ പൊടിയോ മറ്റു മാലിന്യങ്ങൾ ഇല്ലാത്തതും ശുദ്ധവായു ലഭിക്കുന്നതുമായ വീട് അത്യാവശ്യമാണ്. ആയതിനാൽ ടി കുടുബത്തിന് മുൻഗണന പ്രകാരം ആനുകൂല്യം നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ പരിഗണനക്ക് നൽകാൻ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ പരാമർശം -1 പ്രകാരമുള്ള യോഗം തീരുമാനിച്ചു.

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27/03/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. കുട്ടിയുടെ ചികിത്സയ്ക്കു കൂടി സഹായകരമാണ് ശുചിത്വമുള്ള വീട് എന്നത് പരിഗണിച്ച് തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ പരുത്തിച്ചകോണം കുളത്തിൻകര വീട്ടിൽ ശ്രീമതി അശ്വതി എൽ- ന് മുൻഗണന നൽകി കൊണ്ട് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന്

അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ബാലരാമപുരം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ശ്രീമതി. അശ്വതി എൽ, കുളത്തിൻകര വീട്, പരുത്തിച്ചകോണം( സെക്രട്ടറി, ബാലരാമപുരം ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 09-06-2025 12:10:55
സെക്ഷൻ ഓഫീസർ